കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് കോർപ്പറേഷൻ- രാജാജി റോഡിൽ ഓട്ടോബേ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കാനുള്ള നഗരസഭാ കൗൺസിൽ തീരുമാനം സ്റ്റേ ചെയ്തുകൊണ്ടും വിഷയം 1994-ലെ കേരളാ മുനിസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 57 (2) പ്രകാരം ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയച്ചുകൊടുക്കുന്നതിനും ഉത്തരവാകുന്നു.

---

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) നം. 1615/2012/തസ്വഭവ തീയതി, തിരുവനന്തപുരം, 14-6-12

---

പരാമർശം :-

1. 17-8-09 തീയതിയിലെ കോഴിക്കോട് കോർപ്പറേഷൻ കൗൺസിലിന്റെ യോഗം അജണ്ട നം. 51/(E3/50544/2009)
2. ശ്രീ. പി.ടി. അസ്സയിൽ ഹാജി 2011 ജൂൺ മാസം സർക്കാരിൽ നല്കിയ അപേക്ഷ.

### ഉത്തരവ്

പരാമർശം (1) പ്രകാരം കോഴിക്കോട് നഗരസഭയിൽ വാർഡ് 17-ൽ T.S. No. 377/1 A യിൽപ്പെട്ട 7.8 സെന്റ് സ്ഥലവും അതിലുള്ള കെട്ടിടവും രാജാജി റോഡിൽ ഓട്ടോബേ നിർമ്മിക്കുന്നതിനായി ഏറ്റെടുക്കുവാനുള്ള നഗരസഭാ കൗൺസിലിന്റെ തീരുമാനം റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം കോഴിക്കോട് കുരുവട്ടൂർ പീടികത്തൊടിയിൽ പി.ടി. അസ്സയിൻ ഹാജി അപേക്ഷ സമർപ്പിച്ചിരുന്നു.

2) അപേക്ഷയുടെ അടിസ്ഥാനത്തിൽ അപേക്ഷകനേയും കോഴിക്കോട് കോർപ്പറേഷന്റെ പ്രതിനിധിയേയും നേരിൽ കേൾക്കുകയുണ്ടായി. ഷിങ്കിട് സർക്കാർ ഇക്കാര്യം പരിശോധിച്ചതിൽ കോഴിക്കോട് മൊഫ്യൂസിൽ ബസ് സ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കുമ്പോൾ തന്നെ ഓട്ടോ സ്റ്റാന്റിനും സ്ഥലം കണ്ടിരുന്നെന്നും ബസ് സ്റ്റാന്റിനോട് ചേർന്നു തന്നെ ഓട്ടോ സ്റ്റാന്റും ഓട്ടോബേയും നിലവിലുണ്ടെന്നും പ്രസ്തുത ഓട്ടോ സ്റ്റാന്റിന്റെ പകുതിയിലധികം സ്ഥലം ഒഴിഞ്ഞുകിടക്കുകയാണെന്നും കൂടുതൽ സ്ഥലം ഓട്ടോ സ്റ്റാന്റിനായി വേണമെങ്കിൽ നിലവിലുള്ള ബസ് സ്റ്റാന്റിനോട് ചേർന്നുള്ള സ്ഥലം ഏറ്റെടുക്കാവുന്നതാണെന്നും കാണുന്നു.

3) മേൽ സാഹചര്യത്തിൽ ശ്രീ.പി.ടി. അസ്സയിൻ ഹാജിയുടെ സ്ഥലം ഓട്ടോ സ്റ്റാന്റിനായി അക്വയർ ചെയ്യാനുള്ള കോഴിക്കോട് കോർപ്പറേഷന്റെ പരാമർശം (1) പ്രകാരമുള്ള തീരുമാനം സസ്പെന്റ് ചെയ്തുകൊണ്ട് ഉത്തരവാകുന്നു. പ്രസ്തുത

വിഷയം 1994-ലെ കേരളാ മുനിസിപ്പാലിറ്റീസ് ആക്ടിന്റെ സെക്ഷൻ 57 (2) പ്രകാരം ഓംബുഡ്സ്മാന്റെ പരിഗണനയ്ക്കായി സമർപ്പിച്ചുകൊണ്ടും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ജയിംസ് വർഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി.

To

സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, പാളയം, തിരുവനന്തപുരം-34 (ഫയൽ നം. 463/RC1/12/LSGD സഹിതം)
ശ്രീ. പി.ടി. അസ്സയിൻ ഹാജി, പീടികത്തൊടിയിൽ, പറമ്പിൽ പോസ്റ്റ്, കുരുവട്ടൂർ അംശം ദേശം, കോഴിക്കോട്
ജില്ലാ കളക്ടർ, കോഴിക്കോട്
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കോഴിക്കോട് നഗരസഭ
അക്കൗണ്ടന്റ് ജനറൽ ( A&E/ആഡിറ്റ്), കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്), തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.